LIBRARY ARCHIVES Kerala Legislative Assembly

തീരദേശ മാലിന്യനിർമ്മാർജ്ജനത്തിന് പദ്ധതി

123 (3230) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ മാലിന്യ നിർമ്മാർജ്ജനത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

തീരദേശ മാലിന്യ നിർമ്മാർജ്ജനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി കൊല്ലം കോർപ്പറേഷനിലെ തങ്കശ്ശേരിയിൽ തുമ്പൂർമുഴി മാതൃകയിലുള്ള എയറോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിനായി കൊല്ലം കോർപ്പറേഷന് പദ്ധതി തുക കൈമാറുകയും ചെയ്തു. കൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14-ൽ ഉൾപ്പെടുത്തി അടിമലത്തുറയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 28.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിക്കായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

എന്നാൽ വ്യക്തിഗത മാലിന്യ നിർമ്മാർജ്ജനത്തിലൂടെ ശുചിത്വമായ സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് ടോയ്ലെറ്റ് നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേനയും തീരദേശ വികസന കോർപ്പറേഷൻ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ മേഖലയിൽ പബ്ലിക് ടോയ്ലെറ്റുകളും നിർമ്മിച്ച് നൽകുന്നുണ്ട്.

വ്യക്തിഗത ടോയ്ലെറ്റ് നിർമ്മാണ ധനസഹായ പദ്ധതി

ക്രമ നമ്പർ	*പദ്ധതിയുടെ പേര്*	*യൂണിറ്റുകളുടെ എണ്ണം*
1	13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാതൃകാ മത്സ്യഗ്രാമം യൂണിറ്റ് കോസ്റ്റ് 20,000 രൂപ	5450
2	13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് യൂണിറ്റ് കോസ്റ്റ് 17,500 രൂപ	2762
3	സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി യൂണിറ്റ് കോസ്റ്റ് 17,500 രൂപ	3013
4	മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും യൂണിറ്റ് കോസ്റ്റ് 17,500 രൂപ	3600
	ആകെ	**14825**

മേൽപ്പറഞ്ഞവ കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ 3525 എണ്ണം വ്യക്തിഗത ടോയ്‌ലെറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

പബ്ലിക് ടോയ്‌ലെറ്റുകൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	യൂണിറ്റുകളുടെ എണ്ണം
1	സംയോജിത മത്സ്യഗ്രാമവികസന പദ്ധതി (2012-13) (2013-14) (2014-15)	34
2	മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16)	1
	ആകെ	**35**

തീരദേശ കുടുംബങ്ങൾക്ക് കുടിവെള്ളം

124 (3231) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കുടുംബങ്ങൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കുടിവെള്ളം ഉറപ്പാക്കിയിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ട്; വിശദാംശം നല്കുമോ?

ഉത്തരം

(എ) തീരദേശ കുടുംബങ്ങൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ ഏകദേശം 93.1388 കോടി രൂപയുടെ 82 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 31 എണ്ണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിക്കഴിഞ്ഞു.

(ബി) 2010 സാമ്പത്തികവർഷത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് നടത്തിയ സർവ്വേപ്രകാരം 9 തീരദേശ ജില്ലകളിലെ ഏകദേശം 29000 വീടുകൾക്ക് കുടിവെള്ള ആവശ്യകത കണ്ടെത്തിയിരുന്നു. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ കുടിവെള്ള പദ്ധതിയിലൂടെ സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിലെ ഏകദേശം 70 ശതമാനം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

1437/2018.

LIBRARY ARCHIVES Kerala Legislative Assembly